# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മരിയാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-299/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 05/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരിയാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-299/2023 തീയ്യതി: 05/04/2023

## ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-06-2022 മുതൽ 12-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 13-03-2023 | 20-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-03-2023 | 20-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം. കെ. മധുസൂദനൻ നായർ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
ശ്രീ. എം. കെ. അഭിലാഷ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീമതി അനിറ്റ പി. സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജിൻസി ജോയ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ എസ്.പി വിനുകുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജി ചിത്രലേഖ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ കെ അജിമോൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ പി. യു സാജു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ എസ് ജോഷി ദേവ് | മെഡിക്കൽ ഓഫീസർ-ആരോഗ്യം | 01-04-2021 | 31-03-2022 |
| ഡോ പ്രൈസ് ആനി എബ്രഹാം | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ റ്റി.പി ഹൻസ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 10-03-2022 |
| ഡോ പി. നിത്യ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 11-03-2022 | 31-03-2022 |
| ഡോ റ്റി.സി സൗമ്യ | വെറ്ററിനറി സർജൻ | 01-04-2021 | 07-11-2021 |
| ഡോ അതുൽ മോഹൻ | വെറ്ററിനറി സർജൻ | 08-11-2021 | 31-03-2022 |
| ശ്രീ ബി. നൗഷാദ് | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ ബിനാഷ് സി തോമസ് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-3-1 |
| 6 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 57.86 ശതമാനം | 1-3-2 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | ഫിഷറീസിന്റെ പദ്ധതികൾക്ക് വകുപ്പ് തല ഫണ്ട് ലഭിച്ചിട്ടില്ല | 1-4-1 |
| 9 | മരാമത്ത് പ്രവൃത്തികളുടെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗ് ഫലപ്രദമല്ല | 1-4-2 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 11 | ക്ഷേമ പദ്ധതികൾ | 1-6 |
| 12 | ക്യാഷ് പരിശോധന | 1-7 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 14 | വാർഷിക കണക്കുകളുടെ പരിശോധന | 1-9-1 |
| 15 | ക്യാപ്പിറ്റൽ വർക്ക്സ്-ഇൻ-പ്രോഗ്രസ്സ് - കണക്ക് പൊരുത്തപ്പെടുന്നില്ല | 1-9-2 |
| 16 | വസ്തു നികുതി - കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-9-3 |
| 17 | രജിസ്റ്റർ-വാർഷിക കണക്ക്-പൊരുത്തക്കേട് | 1-9-4 |
| 18 | വസ്തു നികുതി കുറവായി ഈടാക്കി | 1-10 |
| 19 | വ്യവസായ ഗണത്തിൽ വസ്തു നികുതി ഒടുക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫാക്ടിയോസ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നില്ല | 1-11 |
| 20 | സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-12 |
| 21 | വാടകയിനത്തിൽ വൻ കുടിശ്ശിക | 1-13 |
| 22 | മെഡിക്കൽ ഓഫീസർ, എഫ്. എച്ച്. സി. നടപ്പാക്കിയ പദ്ധതികൾ | 1-14 |
| 23 | ക്രമ പ്രകാരമല്ലാത്ത ചെലവ് | 1-15 |
| 24 | സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ വകയിരുത്തിയ വിഹിതം വിനിയോഗിച്ചില്ല | 1-16 |
| 25 | മഴക്കാല പൂർവ്വശുചീകരണം - ഫയൽ ഹാജരാക്കിയിട്ടില്ല | 1-17 |
| 26 | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 1-18 |
| 27 | അനർഹമായ കാലയളവിലും സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചു | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾ | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ-വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

ധനകാര്യ സ്ഥിര സമിതിയുടെ 19-02-2021ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും ഭരണ സമിതിയുടെ 19-02-2021ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും തൻ വർഷത്തെ ബജറ്റ് അംഗീകരിച്ചു. ധനകാര്യ സ്ഥിര സമിതിയുടെ 09-03-2022ലെ രണ്ടാം നമ്പർ തീരുമാന പ്രകാരവും ഭരണ സമിതിയുടെ 10-03-2022ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും തൻ വർഷത്തെ ബജറ്റ് പുതുക്കി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം ₹6,23,374/- മുന്നിരിപ്പും ₹15,39,56,668/- വരവും ₹15,37,16,426/- ചെലവും ₹8,63,616/- നീക്കിയിരിപ്പുമുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### 1-1-1 ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല

സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 30.06.2022 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | | 11608853 | 11608853 | 10932000 | |
| | പട്ടിക ജാതി വിഭാഗം | | 1327680 | 1327680 | 1262000 | |
| | പട്ടിക വർഗ്ഗ വിഭാഗം | | 88000 | 88000 | 78000 | |
| സംരക്ഷണ ഗ്രാന്റ് | റോഡ് | | 6622716 | 6622716 | 5499938 | |
| | റോഡിതരം | | 4929014 | 4929014 | 2851990 | |
| 15-ാം ധനകാര്യ | ഉപാധി രഹിതം | 0 | 2978176 | 2978176 | 1634173 | 1344003 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | ഉപാധി | 0 | 5280260 | 5280260 | 1767582 | 3512678 |
| ഐ.സി.ഡി.എസ്. | | 58319 | 447607 | 505926 | 312884 | 193042 |
| ടോട്ടൽ സാനിറ്റേഷൻ പരിപാടി | | 1713062 | 0 | 1713062 | 1262983 | 450079 |
| കേരളോത്സവം | | 16600 | 0 | 16600 | 16600 | |
| ശുചിത്വ മിഷൻ | | 982780 | 130000 | 1112780 | 1080492 | 32288 |
| എസ്.എസ്.എ. | | 16314 | 0 | 16314 | 0 | 16314 |
| നിർമ്മൽ പുരസ്കാരം | | 228118 | 0 | 228118 | 0 | 228118 |
| വെള്ളപ്പൊക്ക ദുരിതാശ്വാസം | | 42 | 0 | 42 | 0 | 42 |
| സാക്ഷരത | | 17347 | 19885 | 37232 | 19885 | 17347 |
| ജലനിധി | | 1442400 | 1217311 | 2659711 | 1744930 | 914781 |
| മറ്റ് ഫണ്ടുകൾ | പ്രത്യേക ഉദ്ദേശ ഗ്രാന്റ് (വിശദവിവരം ലഭ്യമല്ല) | 200000 | | 2057333 | 20000 | 0 |
| | ബി.എം.സി. | | 300000 | | 53700 | 246300 |
| | ആശ്രയ ഡി.എഫ്.കെ. | | 1333333 | | 1333333 | 0 |
| | ബയോ ഡൈവേഴ്സിറ്റി | | 200000 | | 0 | 200000 |
| | സ്വച്ഛ് ഭാരത് | | 24000 | | 24000 | 0 |
| മറ്റ് ഫണ്ടുകൾ-അംഗനവാടി | ശിശു സൗഹാർദ്ദ ശുചിമുറി | 12000 | 0 | 12000 | 0 | 12000 |
| | കുടിവെള്ള പദ്ധതി | 10000 | 0 | 10000 | 0 | 10000 |
| പഞ്ചായത്ത് ദുരിതാശ്വാസം | | 0 | 1200 | 1200 | 1200 | 0 |
| എം.എൽ.എ. ഫണ്ട് | | 0 | 492406 | 492406 | 492406 | 0 |
| ടോട്ടൽ സാനിറ്റേഷൻ സ്കീം | | 0 | 72010 | 72010 | 72010 | 0 |

### 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1. സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല

എ) വികസന ഫണ്ട് -പൊതുവിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ ഇനം/ തുക (₹) | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ)3367/2021/ധന. തീ: 07.04.2021 | 3621700 | ₹277400/- (അംഗനവാടി ജീവനക്കാരുടെ വേതനം) | 3314967 |
| | | | ₹29333/- (ലൈഫ് വായ്പ തിരിച്ചടവ്) | |
| 2 | സ.ഉ (സാധാ)5206/2021/ധന. തീ: 30.07.2021 | 3621700 | ₹277400/- (അംഗനവാടി ജീവനക്കാരുടെ വേതനം) | 2948300 |
| | | | ₹396000/- (ലൈഫ് വായ്പ തിരിച്ചടവ്) | |
| 3 | സ.ഉ. (സാധാ)22/2022/ധന. തീ:01.01.2022 | 3688600 | ₹277400/- | 3015199 |

| | |
|---|---|
| | (അംഗനവാടി ജീവനക്കാരുടെ വേതനം) |
| | ₹396001/-<br>(ലൈഫ് വായ്പ തിരിച്ചടവ്) |

ബി) വികസന ഫണ്ട് – പട്ടിക ജാതി വിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ ഇനം/ തുക (₹) | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ(സാധാ)3367/2021/ധന. തീ: 07.04.2021 | 420700 | ₹29333/-<br>(ലൈഫ് വായ്പ തിരിച്ചടവ്) | 391367 |
| 2 | സ.ഉ(സാധാ)5206/2021/ധന. തീ: 30.07.2021 | 420700 | ₹22000/-<br>(ലൈഫ് വായ്പ തിരിച്ചടവ്) | 398700 |
| 3 | സ.ഉ.(സാധാ)22/2022/ധന. തീ:01.01.2022 | 420600 | ₹22000/-<br>(ലൈഫ് വായ്പ തിരിച്ചടവ്) | 398600 |

സി) വികസന ഫണ്ട് – പട്ടിക വർഗ്ഗ വിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ ഇനം/തുക (₹) | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ(സാധാ)5206/2021/ധന. തീ: 30.07.2021 | 26000 | ₹7333/-<br>(ലൈഫ് വായ്പ തിരിച്ചടവ്) | 18667 |
| 3 | സ.ഉ.(സാധാ)22/2022/ധന. തീ:01.01.2022 | 26000 | ₹7333/-<br>(ലൈഫ് വായ്പ തിരിച്ചടവ്) | 18667 |

2. സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്താത്തതിനാൽ ലാപ്സായി പോയ തുകയുടെ വിവരം കൃത്യമായി പ്രതിഫലിക്കുന്നില്ല.

| ഫണ്ടിനം | വരവ് ₹ | | ലാപ്സായി പോയ തുക ₹ | |
|---|---|---|---|---|
| | യഥാർത്ഥം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥം |
| വികസന ഫണ്ട് പൊതു വിഭാഗം | 11608853 | 9955319 | (-)976681 | 676853 |
| വികസന ഫണ്ട് പട്ടിക ജാതി വിഭാഗം | 1327680 | 1254347 | (-)7653 | 65680 |
| വികസന ഫണ്ട് പട്ടിക വർഗ്ഗ വിഭാഗം | 88000 | 73334 | (-)4666 | 10000 |

3. വരവിൽ ഉൾപ്പെടുത്തിയിട്ടില്ല

തൻ വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-3-2 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 57.86 ശതമാനം

റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹49,29,014/-ൽ 2021-22 സാമ്പത്തിക വർഷം ₹28,51,990/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുകയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹10,91,221/- ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 4929014 | 2851990 | 2077024 | 57.86 | 985803 | 1091221 |

## 1-4 പദ്ധതി അവലോകനം

### പദ്ധതി ആസൂത്രണം

| | |
|---|---|
| വികസന സമിതി സെമിനാർ | 18.02.2021 |
| പദ്ധതി ആസൂത്രണ ഗ്രാമസഭ | 07.02.2021 മുതൽ 10-02-2021 വരെ |
| ഡി.പി.സി അംഗീകാരം | നം. 111/2021/ഡി.പി.സി/ഡി.പി.ഒ/ഐ.ഡി.കെ/തീ:14.03.2022 |

| വിഭാഗം | പദ്ധതികളുടെ എണ്ണം | | |
|---|---|---|---|
| | സ്പിൽ ഓവർ | പുതിയത് | എണ്ണം |
| പൊതു വിഭാഗം | 15 | 106 | 121 |
| പട്ടിക ജാതി വിഭാഗം | 0 | 8 | 8 |
| പട്ടിക വർഗ്ഗ വിഭാഗം | 1 | 6 | 7 |
| ആകെ | 16 | 120 | 136 |

### പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 (സുലേഖ പ്രകാരം 133) | 45142345 (ഡി.പി.സി ഉത്തരവ് പ്രകാരം) | 95 | 26977378 | 0 | 3 | 69.85 |

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം % |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 13939240 | 10932000 | 78.43 |
| | പട്ടികജാതി വിഭാഗം | 1466693 | 1262000 | 86.04 |
| | പട്ടികവർഗ്ഗ വിഭാഗം | 112666 | 78000 | 69.23 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 9001436 | 3401755 | 37.79 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 2090000 | 1564230 | 74.84 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 598800 | 0 | 0.00 |
| തനത് ഫണ്ട് | | 369640 | 0 | 0.00 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് ഫണ്ട് | | 1000000 | 0 | 0.00 |
| ജില്ലാപഞ്ചായത്ത് ഫണ്ട് | | 1000000 | 583500 | 58.35 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 6966000 | 5499938 | 78.95 |
| | റോഡിതരം | 5004709 | 2851990 | 56.98 |
| മറ്റിനം | | 2501200 | 803965 | 32.14 |
| ആകെ | | 44059384 | 26977378 | 61.22 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 3091200 | 2 | 2693258 | 87.12 |
| വെറ്ററിനറി സർജൻ | 2 | 132500 | 2 | 101021 | 76.24 |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 2 | 2241000 | 2 | 377348 | 16.83 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 2 | 900000 | 2 | 900000 | 100.00 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 150000 | 3 | 150000 | 100.00 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 4 | 430000 | 4 | 429870 | 99.96 |
| വി.ഇ.ഒ. | 13 | 6600357 | 12 | 4124501 | 62.48 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 2932700 | 2 | 2231528 | 76.09 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 57 | 10417134 | 36 | 5457949 | 52.39 |
| അസിസ്റ്റന്റ് എൻജിനീയർ | 44 | 16028693 | 29 | 9412729 | 58.72 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1135800 | 1 | 1099174 | 96.77 |
| ആകെ | 133 | 44059384 | 95 | 26977378 | 61.22 |

3. വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം

| ഫണ്ട് | മേഖല | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|
| പൊതുവിഭാഗം | ഉത്പാദനം | 8 | 7018000 | 4218301 | 60.10 |
| | സേവനം | 73 | 20952574 | 12334832 | 58.87 |
| | പശ്ചാത്തലം | 37 | 13386111 | 8656360 | 64.66 |
| പട്ടികജാതി വിഭാഗം | സേവനം | 6 | 2082804 | 1390667 | 66.76 |
| | പശ്ചാത്തലം | 2 | 51333 | 51333 | 100.00 |
| പട്ടികവർഗ്ഗ വിഭാഗം | ഉത്പാദനം | 1 | 82500 | 52500 | 63.63 |

| | | | | | |
|---|---|---|---|---|---|
| | സേവനം | 4 | 278729 | 66052 | 23.69 |
| | പശ്ചാത്തലം | 2 | 207333 | 207333 | 100.00 |
| | ആകെ | 133 | 44059384 | 26977378 | 61.22 |

4. പ്രത്യേക ഘടക പദ്ധതികൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം

| ഘടകം | പ്രോജക്ടിന്റെ എണ്ണം | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം% |
|---|---|---|---|---|---|
| വനിതാ ഘടകം | 2 | 2 | 1552000 | 1317080 | 84.86 |
| വൃദ്ധർ | 1 | 1 | 700000 | 700000 | 100.00 |
| ഭിന്നശേഷിക്കാർ | 2 | 1 | 832700 | 431100 | 51.77 |
| മറ്റ് ദുർബല വിഭാഗം | 1 | 1 | 200000 | 200000 | 100.00 |
| ആകെ | 6 | 5 | 3284700 | 2648180 | 80.62 |

1-4-1 ഫിഷറീസിന്റെ പദ്ധതികൾക്ക് വകുപ്പ് തല ഫണ്ട് ലഭിച്ചിട്ടില്ല

വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി, ബയോഫ്ലോക്ക് മത്സ്യ കൃഷി എന്നി പദ്ധതികൾക്ക് പൊതുവിഭാഗത്തിന് യൂണിറ്റൊന്നിന് യഥാക്രമം ₹16,400/-, ₹18,400/- നിരക്കിൽ ഫിഷറീസ് വകുപ്പിൽ നിന്നും സബ്സിഡി നൽകേണ്ടതാണെന്ന് 29.05.2020ലെ സ. ഉ. (സാധാ)1009/2020 – സുഭിക്ഷ കേരളം പദ്ധതി - ഫിഷറീസ് - സബ്സിഡി മാനദണ്ഡങ്ങൾ – ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നത് .

ഗ്രാമപഞ്ചായത്തിലെ ഫിഷറീസ് പദ്ധതികൾക്ക് വകുപ്പ് തല ധനസഹായം ലഭിച്ചിട്ടില്ല. പ്രസ്തുത ധനസഹായം കൂടി ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ അനുവദനീയമായ സബ്സിഡിക്ക് പുറമെയുള്ള തുക മുഴുവൻ ഗുണഭോക്തൃവിഹിതമായി നൽകേണ്ടി വരുന്ന സാഹചര്യമാണ് ഈ പദ്ധതി നിർവ്വഹണത്തിൽ സംജാതമായത്. സർക്കാരിന്റെ സബ്സിഡി മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട പദ്ധതി വിഹിതം നേടി പദ്ധതി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാനദണ്ഡങ്ങൾ അപ്രകാരം പാലിക്കാതെ പദ്ധതി നടപ്പാക്കുമ്പോൾ സർക്കാർ ഉദ്ദേശിച്ചിരിക്കുന്ന ആനുകൂല്യം ഗുണഭോക്താവിന് ലഭിക്കുവാൻ സാധിക്കാതെ വരുന്ന സാഹചര്യം സൃഷ്ടിക്കുന്നതാണ്.

1-4-2 മരാമത്ത് പ്രവൃത്തികളുടെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗ് ഫലപ്രദമല്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 44 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 29 പദ്ധതികളാണ് ഏറ്റെടുത്തതും പൂർത്തീകരിച്ചതും. വിവിധയിനം ഫണ്ടുകളിൽ ₹1,60,28,693/- വകയിരുത്തിയതിൽ ₹94,12,729/-യാണ് ചെലവഴിച്ചത്. ലഭ്യമായ ഫണ്ടിന്റെ 58.72% തുക മാത്രമാണ് വിനിയോഗിക്കുവാൻ സാധിച്ചത്. വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും തനത് ഫണ്ടിൽ നിന്നും തുക ഒട്ടും തന്നെ വിനിയോഗിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 239000 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4595693 | 1716002 | 37.34 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 470000 | 436346 | 92.84 |

| | | | |
|---|---|---|---|
| തനത് ഫണ്ട് | 368000 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 6966000 | 5499938 | 78.95 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 3388000 | 1760443 | 51.96 |
| മറ്റുള്ളവ | 2000 | 0 | 0 |
| ആകെ | 16028693 | 9412729 | 58.72 |

പഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ഉൾപ്പെടെ അനിവാര്യമായിരുന്ന പല പദ്ധതികളും നടപ്പാക്കിയിട്ടില്ല. ഉപേക്ഷിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | ഫണ്ടിനം | അടങ്കൽ |
|---|---|---|---|---|
| 1. | 140 | നാരകകക്കാനം അങ്കണവാടി | എഫ്. സി. ഗ്രാന്റ് | ₹120000/- |
| 2. | 142 | കാവിൽ പറമ്പിൽ കുടിവെള്ള പദ്ധതി മെയിന്റനൻസ് | എഫ്. സി. ഗ്രാന്റ് 20400+ ഗുണഭോക്തൃവിഹിതം -2000 | ₹22400/- |
| 3. | 144 | റോഡ് കണക്ടിവിറ്റി മാപ്പ് | വികസന ഫണ്ട് ജനറൽ | ₹39000/- |
| 4. | 147 | കാർത്യാനിക്കവല റോഡ് | എം. ജി. (ആർ.) | ₹890000/- |
| 5. | 156 | ഉപ്പുതോട് ആയുർവ്വേദാശുപത്രി | എം. ജി. (എൻ. ആർ.) | ₹326000/- |
| 6. | 159 | ചട്ടിക്കുഴി അങ്കണവാടി | എം. ജി. (എൻ. ആർ.) | ₹₹1000000/- |
| 7. | 160 | വെള്ളക്കയം അങ്കണവാടി സംരക്ഷണ ഭിത്തി | എം. ജി. (എൻ. ആർ.) | ₹180000/- |
| 8. | 161 | മിനി ഡാം റോഡ് | തനത് ഫണ്ട്-₹368000/- എം. ജി. (ആർ.)-₹77000/- | ₹445000/- |
| 9. | 162 | വെള്ളക്കയം റോഡ് | എം. ജി. (ആർ.) | ₹445000/- |
| 10. | 134 | വെള്ളക്കയം അങ്കണവാടി ടോയ്ലറ്റ് | എഫ്. സി. ഗ്രാന്റ് | ₹164509/- |
| 11. | 73 | പഞ്ചായത്ത് ഓഫീസ് ചുറ്റുമതിൽ | എഫ്. സി. ഗ്രാന്റ് | ₹427859/- |
| 12. | 38 | ഇടുക്കി സാംസ്കാരിക നിലയം | എഫ്. സി. ഗ്രാന്റ് | ₹200000/- |
| 13. | 113 | പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യങ്ങൾ | വികസന ഫണ്ട് ജനറൽ | ₹200000/- |
| 14. | 117 | കരിമ്പൻ പി.എച്ച്. സി. കുടിവെള്ളം | എഫ്. സി. ഗ്രാന്റ് | ₹200000/- |
| 15. | 61 | പഞ്ചായത്ത് ഓഫീസ് പാർക്കിംഗ് സൗകര്യം | എഫ്. സി. ഗ്രാന്റ് | ₹400000/- |

കേവലം 44 പദ്ധതികൾ മാത്രമേ ആവിഷ്കരിച്ചിട്ടുള്ളൂ എങ്കിലും ഇതിൽ 15 എണ്ണം നടപ്പാക്കാൻ കഴിയാതിരുന്നതിന്റെയും 42% ഫണ്ട് വിനിയോഗിക്കുവാൻ കഴിയാതിരുന്നതിന്റെയും കാരണം ഭരണ സമിതി വിലയിരുത്തേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റെയോ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ ഫലപ്രദമായ മോണിറ്ററിംഗ് ഉണ്ടാകാതിരുന്നതും വികസന പ്രവർത്തനങ്ങൾ മന്ദീഭവിപ്പിക്കുവാൻ കാരണമായിട്ടുണ്ട്. ഭരണ സമിതിയും സ്റ്റാന്റിംഗ് കമ്മറ്റിയും ഇക്കാര്യം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 30360 | 1343552 | 1373912 | 1372874 | 1038 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33753322 | 33753322 | 33753322 | 0 |
| മെറ്റീരിയൽ ജോലികൾ | 0 | 5579000 | 5579000 | 5579000 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4190400 | 312 |
| വിധവ പെൻഷൻ | 5865000 | 409 |
| വാർദ്ധക്യകാല പെൻഷൻ | 11696000 | 923 |
| വികലാംഗ പെൻഷൻ | 2432400 | 168 |
| 50 മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 166400 | 17 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.03.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹1,983/- (ആയിരത്തി തൊള്ളായിരത്തി എൺപത്തി മൂന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് സംവിധാനം

മൂന്ന് ക്ലാർക്കുമാരും മൂന്ന് സീനിയർ ക്ലാർക്കുമാരും ഓരോ ഓഫീസ് അറ്റന്റന്റും പാർട്ട് ടൈം സ്വീപ്പറും അക്കൗണ്ടന്റും ഹെഡ്ക്ലാർക്കും സെക്രട്ടറിയും ഡ്രൈവറും ഉൾപ്പെടുന്നതാണ് ഗ്രാമ പഞ്ചായത്തിലെ ഉദ്യോഗസ്ഥ നില. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. നിക്ഷേപ പ്രവൃത്തി

നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണം കൃത്യമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. വിവിധ പദ്ധതികൾക്കായി കെ.എസ്.ഇ.ബി.-യിൽ തുകകൾ നിക്ഷേപിച്ചിരിക്കുന്നുവെങ്കിലും പദ്ധതികൾ പൂർത്തിയാക്കിയില്ല.

3. പൊതുമരാമത്ത് പ്രവൃത്തി

പൊതുമരാമത്ത് പ്രവൃത്തികൾ വഴി പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവ് വിളക്ക് & പൊതുടാപ്പുകൾ

തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല.

5. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

6. മോണിട്ടറിംഗ്

പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

7. ഫ്രണ്ട് ഓഫീസ് പ്രവർത്തനം

ലഭ്യമാകുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയറിൽ ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്.

എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. സൂപ്പർവൈസറി തലത്തിൽപെട്ടവരുടെ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

എ) ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ – ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിക്കുന്ന രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്.

ബി) ഫ്രണ്ട് ഓഫീസ് ഡയറി – ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ, മേൽപരിശോധന നടത്തുകയോ ചെയ്യുന്നില്ല.

1-9-1 വാർഷിക കണക്കുകളുടെ പരിശോധന

1. അസറ്റ് അല്ലാത്ത താഴെ പരാമർശിക്കുന്ന ഇനങ്ങളിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | ഹെഡ് | ഡിപ്രിസിയേഷൻ ₹ |
|---|---|---|
| 1 | 416100103 Sewerage & Drainage | 5068 |
| 2 | 416100104 Waterways | 330062 |

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പുകൾക്ക് എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.

1-9-2 ക്യാപ്പിറ്റൽ വർക്ക്സ്-ഇൻ-പ്രോഗ്രസ്സ് - കണക്ക് പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(ബി) പ്രകാരം ക്യാപ്പിറ്റൽ വർക്ക്സ്-ഇൻ-പ്രോഗ്രസ്സ് ഇനത്തിൽ ₹5,09,282/- ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഏഴ് പദ്ധതികൾക്കായി ₹16,94,747/- പാർട്ട് ബിൽ നൽകി പൂർത്തിയാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭിച്ച രേഖകൾ പ്രകാരം കാണുന്നു. ഇത്തരത്തിൽ വ്യതിയാനം വന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-9-3 വസ്തു നികുതി - കണക്കുകൾ പൊരുത്തപ്പെടുന്നില്ല

തൻ വർഷം 100% വസ്തു നികുതി പിരിവ് നടത്തിയ ഗ്രാമപഞ്ചായത്ത് ആണിത്. എന്നാൽ സാംഖ്യ-സഞ്ചയ കണക്കുകളിൽ താഴെ പരാമർശിക്കും പ്രകാരം വ്യത്യാസപ്പെടുന്നു.

| | വാർഷിക കണക്കുകൾ | | | സഞ്ചയ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
| തൻവർഷം | 1856838 | 1856023 | 0 | 1969920 | 1977557 | 0 |
| മുൻവർഷം | 72124 | 0 | 0 | 0 | 0 | 0 |

ഇത്തരത്തിൽ വ്യതിയാനം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-9-4 രജിസ്റ്റർ-വാർഷിക കണക്ക്-പൊരുത്തക്കേട്

താഴെ പരാമർശിക്കുന്ന ഇനങ്ങളിൽ രജിസ്റ്ററിലെ തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്ററിലെ തുക ₹ | വാർഷിക കണക്കിലെ തുക ₹ |
|---|---|---|
| 140500201 - Public Comfert Station | 27500 | 3000 |

| | | |
|---|---|---|
| 140500204 - Slaughter House Receipts | 50100 | 69600 |
| 340100103 - Bidders Earnest Money Deposit | 29408 | 23150 |
| 340100202 - Suppliers Security Deposit | 60624 | 16000 |
| 340100303 - Election Deposit | 0 | 14500 |

1-10 വസ്തു നികുതി കുറവായി ഈടാക്കി

1) പഞ്ചായത്ത് പരിധിയിലുള്ള താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുറവായി ഈടാക്കിയത്.

| ടവറിന്റെ വിവരം | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ.) | മേഖലാടിസ്ഥാനത്തിൽ വസ്തു നികുതിയിന്മേൽ അനുവദിച്ച ഇളവ് ₹ |
|---|---|---|---|
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | III/205 | 61.62 | 20% - 6162 |
| അസെന്റ് ടെലികോം ഇൻഫ്രാസ്ട്രക്ചർ | VII/309 | 25.44 | 20% - 2544 |

മൊബൈൽ ടവറുകൾക്ക് വസ്തു നികുതിയിൽ ഇളവുകൾ അനുവദിക്കുവാൻ സാധിക്കില്ല എന്നിരിക്കെ, മേൽ സൂചിത ടവറുകൾക്ക് ഇളവ് അനുവദിച്ചതായി പരിശോധനയിൽ കണ്ടു. ഇളവുകൾ ഒഴിവാക്കി വസ്തു നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) പഞ്ചായത്തിൽ റിസോർട്ട് ഗണത്തിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ നിന്ന് പാർപ്പിട ഗണത്തിൽ വസ്തു നികുതി ഈടാക്കുന്നു. 2016ൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടമാണിത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഉടമയുടെ വിവരം | കെട്ടിട നമ്പർ/ വിസ്തീർണ്ണം (ച.മീ) | ഉൾപ്പെടുത്തിയ ഗണം | ഈടാക്കിയ നികുതി നിരക്ക്/ നികുതി | ശരിയായി ഉൾപ്പെടുത്തേണ്ട ഗണം | ഈടാക്കേണ്ട നികുതി നിരക്ക്/ നികുതി |
|---|---|---|---|---|---|
| ജോയ് മാത്യു പേപ്പതിയിൽ, മൂവാറ്റുപുഴ.<br>ഡൊമിനിക് വി.എ. വട്ടപ്പാറയിൽ, ചെറുതോണി.<br>ജെയിംസ് ജോസഫ് പുൽത്തകിടിയൽ മൂവാറ്റുപുഴ.<br>ജോൺസൺ വർഗ്ഗീസ് നെടുംപുറത്ത് തൊടുപുഴ. | VI/329<br>170.5 | പാർപ്പിടം (സഞ്ചയയിൽ ഹോസ്റ്റൽ എന്ന് രേഖപ്പെടുത്തി യിരിക്കുന്നു) | ₹6/-<br>6x170.5=<br>₹1023/-<br>ഇളവ് -10%<br>നികുതി =921 | റിസോർട്ട് | ₹80/-<br>80x170.5 =<br>₹13640/-<br>ഇളവ് -10%<br>നികുതി =<br>₹12276/- |
| | | | | കുറവായി ഈടാക്കിയ നികുതി | ₹11355/- |

നികുതി കുറവായി ഈടാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/തീ. 15-03-2023) മറുപടി ഹാജരാക്കിയില്ല. വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-11 വ്യവസായ ഗണത്തിൽ വസ്തു നികുതി ഒടുക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫാക്ടിയോസ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നില്ല

സഞ്ചയ പ്രകാരം താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങൾ ഇതര വ്യവസായ ഗണം എന്ന ഗണത്തിലാണ് വസ്തു നികുതി

അടവാക്കി വരുന്നത്.

| ക്രമ നം. | കെട്ടിട ഉടമയുടെ വിവരം | കെട്ടിട നമ്പർ |
|---|---|---|
| 1 | ജോസഫ് മാത്യു, ചെറുതാനിക്കൽ | II/229 |
| 2 | മാത്യു ജോർജ്ജ്, പതിപ്പള്ളിൽ | 4/237A |
| 3 | കെ. വി. രാജൻ, കൊച്ചുവീട്ടിൽ | V/18A |
| 4 | ഷിന്റൂപ് മാത്യു, കരിക്കുട്ടത്തിൽ | VIII/206A |
| 5 | ജസിൽ റഹിം, മാളികയിൽ | IX/229 |
| 6 | സെബാസ്റ്റ്യൻ ജേക്കബ്, ചേറായിൽ | X/32 |
| 7 | ജേക്കബ് ചാണ്ടി | X/175 |
| 8 | സുഭാഷ്, ഒറ്റക്കൽ | XI/347 |
| 9 | വിനീഷ് കെ. വി., കൊച്ചുപറമ്പിൽ | XII/323A |
| 10 | ബിജു ജോസഫ്, കാഞ്ഞിരത്തുംകുന്നേൽ | XIII/142 |
| 11 | ജെയിംസ്, മൂന്നുമാക്കൽ | XIII/315 |

സൂചിത കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 4/15-03-2023 നൽകിയിരുന്നതിന് മറുപടി ഹാജരാക്കിയില്ല. ഫീൽഡ്തല അന്വേഷണം നടത്തി ടി കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നപക്ഷം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകി വിവരമറിയിക്കേണ്ടതാണ്. വരുമാനദായകമായ പ്രവർത്തനങ്ങൾ കണ്ടെത്തി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-12 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

2021-22 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന ലോഡ്ജ്, റിസോർട്ട്, ഹോംസ്റ്റേ ഗണങ്ങളിൽപ്പെട്ട സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നില്ല.

| ക്രമ നം. | ഉടമയുടെ വിവരം | കെട്ടിട നം. | ഉപയോഗക്രമം |
|---|---|---|---|
| 1 | ബാബു ജോസഫ്, വടക്കേപ്പറമ്പിൽ | VI/97A | റിസോർട്ട് |
| 2 | വി. റ്റി. തോമസ്, വടശ്ശേരി<br>സി. ജയൻ, നന്ദനം | VI/98 | റിസോർട്ട് |
| 3 | വി. എ. ജോൺസൺ വർഗ്ഗീസ്,<br>ജെയിംസ് ജോസഫ്, ജോയ് മാത്യു | VI/329 | റിസോർട്ട് |
| 4 | ജോൺ കുര്യൻ, തടത്തിവയലിൽ | VI/1 | ഹോംസ്റ്റേ |
| 5 | വർഗ്ഗീസ്, ഉരുത്തേൽ | VI/12A | ഹോംസ്റ്റേ |
| 6 | ശശിധരൻ, പ്രണവം | VI/47 | ഹോംസ്റ്റേ |
| 7 | ഷോബി മൈക്കിൾ, വലിയ വീട്ടിൽ | VI/73B | ഹോംസ്റ്റേ |
| 8 | ഷോളി സതീശൻ, മുണ്ടോലിക്കാട്ടിൽ | VI74 | ഹോംസ്റ്റേ |
| 9 | യോഹന്നാൻ ചാക്കോ, നെല്ലിക്കുന്നേൽ | VI/75A | ഹോംസ്റ്റേ |
| 10 | ജിമ്മി ഫിലിപ്പ്, കരിക്കുട്ടത്തിൽ | VI/114A | ഹോംസ്റ്റേ |
| 11 | സി. ആർ. വിശ്വനാഥൻ, ചാലിൽ വീട് | VI/154<br>C, D, E, F | ഹോംസ്റ്റേ |
| 12 | ജോണി മാത്യു, ആവിമൂട്ടിൽ | VI/175A | ഹോംസ്റ്റേ |
| 13 | ജയൻ പി. ജോൺ, പുലിക്കീഴിൽ വീട് | VI/235A | ഹോംസ്റ്റേ |
| 14 | ഓമന എം. കെ., തൊട്ടിപ്പറമ്പിൽ | 9/65 | ഹോംസ്റ്റേ |
| 15 | ടെസ്സി ജോർജ്ജ്, പാറശ്ശേരിൽ | VIII/130 | ലോഡ്ജ് |
| 16 | സന്തോഷ് ജോസ്, പാറശ്ശേരിൽ | IX/48B | ലോഡ്ജ് |

| | | | |
|---|---|---|---|
| 17 | സി. ഐ. തങ്കച്ചൻ, ചിമ്മിനിക്കാട്ട് | VIII/250C | ലോഡ്ജ് |
| 18 | കെ. ജെ. തോമസ്, കോലത്ത് | IX/214, 215 | ലോഡ്ജ് |
| 19 | കെ. എ. ജോർജ്ജ്, കാരിവേലിൽ | IX/216 | ലോഡ്ജ് |
| 20 | ജസ്റ്റിൻ ജോൺ, മുണ്ടക്കൽ | IX/220, 221 | ലോഡ്ജ് |
| 21 | സനോജ് ബേബി, വേലിക്കകത്ത് | IX/224 | ലോഡ്ജ് |
| 22 | സതീഷ് ബേബി, വേലിക്കകത്ത് | IX/225 | ലോഡ്ജ് |
| 23 | കെ. വി. പോൾ, കുട്ടുങ്കൽ | IX/263<br>IX/302 | ലോഡ്ജ് |

ഇതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 1/തീ. 14-03-2023) ഹാജരാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങളൊന്നും തൻവർഷം പ്രവർത്തിച്ചിരുന്നില്ല എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് അന്വേഷണം നടത്തി പ്രവർത്തനക്ഷമമാണെങ്കിൽ ലൈസൻസ് എടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം വളരെ പരിമിതമായ പഞ്ചായത്ത് നിയമാനുസൃതം ലഭിക്കേണ്ട വരുമാനം ലഭ്യമാകുന്നതിനുള്ള ഫീൽഡ്തല പരിശോധന നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. കൂടാതെ അന്യ സംസ്ഥാനത്ത് നിന്നുൾപ്പടെ നിരവധി വിനോദ സഞ്ചാരികൾ സന്ദർശിക്കുന്ന പ്രദേശമാകയാൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാരിസ്ഥിതികം, ആരോഗ്യപരം, ക്രമസമാധനപരം തുടങ്ങി നിരവധി പ്രശ്നങ്ങളിൽ ഗ്രാമപഞ്ചായത്തിന് പ്രതികൂല നടപടികൾക്ക് വിധേയമാകാൻ സാധ്യത നില നിൽക്കുന്നു. ഉദ്യോഗസ്ഥർ ഫീൽഡ്തല പരിശോധന നടത്തി എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ഉചിത നടപടികൾക്കായി ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-13 വാടകയിനത്തിൽ വൻ കുടിശ്ശിക

ഇടുക്കി ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന ശ്രീ. എൻ. സി. ജോർജ്ജ് മെമ്മോറിയൽ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ 9/198E നമ്പർ മുറിയിൽ പ്രവർത്തിക്കുന്ന ഇടുക്കി മണ്ണ് സംരക്ഷണ ഓഫീസ് പ്രവർത്തനം ആരംഭിച്ച 02-12-2017 മുതൽ നാളിതുവരെ വാടക അടവാക്കിയിട്ടില്ല. 2019 ജൂലൈ മാസം 9-ാം തീയതിയാണ് 02-12-2017 മുതൽ അഞ്ച് വർഷത്തേക്കുള്ള കരാർ ചമച്ചിരിക്കുന്നത്. ₹26,377/- ആണ് കരാർ പ്രകാരം പ്രതിമാസ വാടക. 2021 മാർച്ചിലെ വാടക രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക കണക്കനുസരിച്ച് 52 മാസത്തെ വാടകയായ ₹13,70,753/-, ജി. എസ്. റ്റി. ₹2,46,743/-, പ്രളയ സെസ്സ് ₹6,336/-, പിഴപ്പലിശ ₹1,05,367/- ഉൾപ്പെടെ ₹17,29,199/-യാണ് ആകെ കുടിശ്ശിക. കരാർ കാലാവധി ഇതിനോടകം അവസാനിച്ചു. വാടക ഈടാക്കുന്നതിനും കരാർ പുതുക്കുന്നതിനും സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/തീ.16-03-2023) മറുപടി ഹാജരാക്കിയില്ല. തനത് വരുമാനം വളരെ പരിമിതമായ പഞ്ചായത്തിന് പ്രസ്തുത കുടിശ്ശിക മൂലം വികസന ഫണ്ട് പൊതു വിഭാഗം അലോട്ട്മെന്റിൽ നിന്ന് ഗണ്യമായ തുക നഷ്ടമാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത് (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വരവിനങ്ങളുടെ തൻ വർഷത്തെ ആകെ ഡിമാന്റ് തുകയുടെ കുറഞ്ഞത് 90% എങ്കിലും പിരിച്ചെടുക്കാത്തപക്ഷം തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് വിഹിതത്തിൽ നിന്ന് (പൊതു വിഭാഗം) പിഴയായി 1% തുക കുറവ് ചെയ്യാൻ സർക്കാർ ധനകാര്യ വകുപ്പിന്റെ 18.10.2022-ലെ ജി.ഒ.(എം.എസ്.)179/2022 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത് കാണുക). വാടക കുടിശ്ശിക ഈടാക്കുന്നതിനും കരാർ പുതുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-14 മെഡിക്കൽ ഓഫീസർ, എഫ്. എച്ച്. സി. നടപ്പാക്കിയ പദ്ധതികൾ

1) മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| പ്രൊജക്ട് പേര്, നമ്പർ | ഫണ്ട് വിഹിതം/അടങ്കൽ/ചെലവ് | ബിൽ നമ്പർ/തീയതി | ലഭ്യമാകാൻ |
|---|---|---|---|

| | | /ചെലവ് | അവശേഷിക്കുന്ന മരുന്ന് ₹ |
|---|---|---|---|
| മരിയാപുരം പി.എച്ച്.സി.-യിലേക്ക് മരുന്ന് വാങ്ങൽ (11/22) | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) ₹200000/- ₹200000/- | 21101252012001283204/ 09-03-2022 ₹200000/- | ₹8878/- |
| പാലിയേറ്റീവ് കെയർ (10/22) | വികസന ഫണ്ട്(പൊതു വിഭാഗം സാധാരണം വിഹിതം) ₹700000/- ₹700000/- | 2110125201200131656З/ 14-03-2022 ₹212800/- | ₹50529/- |

മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരമറിയിക്കേണ്ടതാണ്.

2) സ്റ്റോർ പർച്ചേസ് മാനദണ്ഡ പ്രകാരം പാലിയേറ്റീവ് ആവശ്യത്തിനായി മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വാഹനമാണ് ഉപയോഗിക്കേണ്ടത്. ഒരു വർഷ കാലാവധിയുള്ള ക്വട്ടേഷൻ പി.എം.സി. അംഗീകരിക്കണം. മരിയാപുരം പി.എച്ച്.സി.-യിൽ പാലിയേറ്റീവ് ഹോം കെയർ ടീം ഉപയോഗിക്കുന്ന വാഹനം ഉപയോഗിക്കുന്ന ദിവസങ്ങളിൽ പ്രതിദിനം ₹1,240/- വീതം ശ്രീ. രാജീവ് നാരായണൻ എന്ന വ്യക്തിക്ക് ബിൽ പ്രകാരം മാറി നൽകിയിട്ടുണ്ട്. എന്നാൽ ടി വ്യക്തിയുടെ വാഹനം 2021-22 വർഷം പാലിയേറ്റീവ് ആവശ്യത്തിന് തെരെഞ്ഞെടുത്തതായുള്ള ക്വട്ടേഷൻ ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമല്ല.

3) മുൻ വർഷത്തെ നീക്കിബാക്കി ഉൾപ്പെടെ മരുന്നുകൾ മെയിൻ സ്റ്റോക്കിലെടുത്ത് ഇഷ്യൂ ചെയ്തതിന്റെ വിവരം ലഭ്യമല്ല. ആയതിനാൽ മരുന്നുകൾ സ്റ്റോക്കിലെടുത്തത് പരിശോധിക്കുവാൻ സാധിച്ചില്ല. ലോക്കൽ പർച്ചേസ് രജിസ്റ്ററിലാണ് ടി മരുന്നുകൾ ചേർത്തിട്ടുള്ളത്.

4) പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിന്റെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിനു മുൻപും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും മറ്റംഗങ്ങളും ഉൾപ്പെടെ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലെങ്കിലും പി.എം.സി. യോഗം ചേരേണ്ടതാണ്. എന്നാൽ 2021-22 വർഷം രണ്ട് തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. കമ്മിറ്റി വർഷാദ്യം പുതുതായി രൂപീകരിക്കുന്നില്ല.

പി.എച്ച്.സി.-യിലെ രേഖകൾ, ഫയലുകൾ, മറ്റ് രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിൽ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 7/16-03-2023ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിത അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും ആതുര ശുശ്രൂഷ രംഗത്ത് പ്രവർത്തിക്കുന്നതാകയാൽ സ്ഥാപനത്തിന്റെ പ്രവർത്തനം, നടത്തിപ്പ് എന്നിവ അപാകതകളില്ലാതെ മുന്നോട്ട് പോകുന്ന വിഷയത്തിലും മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് ഭരണ സമിതി എന്നിവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-15 ക്രമ പ്രകാരമല്ലാത്ത ചെലവ്

ഗ്രാമപഞ്ചായത്തിൽ തൻവർഷം തനത് ഫണ്ടിൽ നിന്ന് താഴെ പറയുന്ന ഇനങ്ങൾക്ക് തുക ചിലവഴിച്ചിട്ടുണ്ട്. പ്രസ്തുത ചിലവ് സംബന്ധിച്ച് അസാധാരണ ചെലവിനു രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. 2011ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ ചട്ടം 3(1)ൽ അസാധാരണ ചെലവുകളിൽ ഈയിനത്തിൽ ചെലവ് ചെയ്യാവുന്നവ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.ഒ.(എം.എസ്.)107/98/ത.സ്വ.ഭ.വ/27.5.98 പ്രകാരം വിശദമാക്കിയിട്ടുള്ള കണ്ടിജന്റ് ചെലവ് വിശദാംശങ്ങളിലും താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെട്ടിട്ടില്ല. ചെലവുകൾ ക്രമപ്രകാരമുള്ളതായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| ബിൽ നം./ തീയതി/തുക | ചിലവിന്റെ വിശദാംശം |
|---|---|
| വൗച്ചർ നം. 220612 തീ. 09-12-2021 തുക ₹2550/- | മരിയാപുരം ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം മാറിപ്പോയ എച്ച്.ഐ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ സേവനത്തിൽ നിന്നും വിരമിച്ച അംഗൻവാടി വർക്കർ എന്നിവർക്ക് ഭരണസമിതിയുടെ നേതൃത്വത്തിൽ മൊമെന്റോ നല്കി ആദരിച്ച വകയിൽ ₹2,550/- ചിലവഴിച്ചിട്ടുണ്ട് . |
| വൗച്ചർനം. 22100630 തീ. 10-12-2021 തുക ₹6970/- | മരിയാപുരം ഗ്രാമപഞ്ചായത്തിൽ സേവനം നടത്തിയ ഹരിത കർമ്മസേനാഗങ്ങൾക്കും കോവിഡ് പ്രവത്തനങ്ങൾ നടത്തിയ മെഡിക്കൽ ഓഫീസർക്കും എച്ച്.ഐ.-ക്കും മൊമെന്റോ നല്കി ആദരിച്ച വകയിൽ ₹6,970/- ചിലവഴിച്ചിട്ടുണ്ട്. |
| വൗച്ചർ നം. 22100646 തീ. 23-12-2021 തുക ₹2560/- | മരിയാപുരം ഗ്രാമപഞ്ചായത്തിൽ സ്തുത്യർഹമായ സേവനം നടത്തിയ ഹരിത കർമ്മ സേനാംഗങ്ങൾക്ക് ഭരണ സമിതിയുടെ നേതൃത്വത്തിൽ ഷാൾ നല്കി ആദരിച്ച വകയിൽ ₹2,560/- ചിലവഴിച്ചിട്ടുണ്ട്. |

1-16 സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ വകയിരുത്തിയ വിഹിതം വിനിയോഗിച്ചില്ല

| പദ്ധതി | പദ്ധതി നമ്പർ | ബ്ലോക്ക് പഞ്ചായത്ത് വിഹിതം അനുവദിച്ചത് | ജില്ലാപഞ്ചായത്ത് വിഹിതം അനുവദിച്ചത് |
|---|---|---|---|
| ലൈഫ് മിഷൻ (എസ്.സി.പി) | പ്രോജക്ട് നമ്പർ 5/22 | ₹400000/- | - |
| ലൈഫ് മിഷൻ (ജനറൽ) | പ്രോജക്ട് നമ്പർ 4/22 | ₹400000/- | 400000/- |

ലൈഫ് മിഷൻ പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും 2021-22 വർഷം അനുവദിച്ചിരുന്നുവെങ്കിലും അർഹരായ ഗുണഭോക്താക്കൾ ഇല്ലാതിരുന്നതിനാൽ മതിയായ ഗുണഭോക്താക്കൾ ഉണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. തുകയൊന്നും ചിലവഴിച്ചിട്ടില്ല. പദ്ധതിപ്പണം ഫലപ്രദമായി വിനിയോഗിക്കാതിരിക്കുന്നത് സ്ഥാപനത്തിന്റെ വികസനത്തിന് തടസ്സമാകുന്നു.

1-17 മഴക്കാല പൂർവ്വശുചീകരണം - ഫയൽ ഹാജരാക്കിയിട്ടില്ല

2021-22ലെ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി മഴക്കാല പൂർവ്വ ശുചീകരണത്തിനായി മരിയാപുരം ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലേക്കുമായി (₹10,000/- വീതം ഓരോ വാർഡുകളിലേയ്ക്കും) ആരോഗ്യ പ്രവർത്തകൻ കൺവീനറായും വാർഡ് മെമ്പർ ചെയർമാനായും വാർഡ്തല ശുചിത്വ സമിതി രൂപീകരിച്ച് പ്രസ്തുത സമിതിയുടെ അക്കൗണ്ടിലേക്ക് ആകെ ₹1,30,000/- നല്കിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളും കണക്കുകളും തയ്യാറാക്കി യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കുന്നത് ബന്ധപ്പെട്ട പി.എച്ച്.സി.-യിലെ ആരോഗ്യ പ്രവർത്തകരുടെയും ക്ലറിക്കൽ വിഭാഗത്തിന്റെയും ഉത്തരവാദിത്തമാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ ₹1,30,000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

തൻവർഷം കെ.എസ്.ഇ.ബി.-യിൽ താഴെ പറയുന്ന തുകകൾ വിവിധ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ആയി നല്കിയിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം./പേര് | ബിൽ നം./തീയതി | നല്കിയ തുക |
|---|---|---|

| | | |
|---|---|---|
| 87/22<br>ചെള്ളക്കകം കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 21101252013100818525/<br>21-12-2021 | ₹45389/- |
| 166/22<br>ഉദിക്കാട്ട് കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 198/23-03-2022<br>232/31-03-2022 | ₹260221/-<br>₹37293/- |
| 67/22<br>പ്രിയദർശിനി കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 54/07-12-2021 | ₹13385/- |
| | ആകെ | ₹356288/- |

പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ നിക്ഷേപിച്ച ₹3,56,288/- തടസ്സപ്പെടുത്തുന്നു.

1-19 അനർഹമായ കാലയളവിലും സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും പഞ്ചായത്തിലെ മരണ രജിസ്ട്രേഷനും താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ചുവടെ പരാമർശിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നു.

1. പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നം. | പേരും വിലാസവും | മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായി പെൻഷൻ അനുവദിച്ച കാലയളവ് | പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ നൽകുന്ന സ്ഥാപനം | അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|
| 1 | അന്നകുട്ടി ദേവസ്യ ത്ലായിൽ മണിപ്പാറ | 13.05.2021/ 14.07.2021 | 06/2021-06/2022 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ-മരിയാപുരം ഗ്രാമപഞ്ചായത്ത് | 20800 |
| 2 | തോമസ് മൈക്കിൾ കമ്മിണിയിൽ മരിയാപുരം | 21.07.2021/ 13.09.2021 | 08/2021-11/2022 | ആക്ടീവ് | കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ് | 22400 |
| 3 | ഏലിയാമ്മ ചാക്കോ ചെരുവിൽ ഉപ്പുതോട് | 08.09.2021/ 12.10.2021 | 10/2021-06/2022 | സസ്പെൻഡ് | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 12800 |
| 4 | മറിയകുട്ടി ജോസഫ്, കുറ്റിയാനിക്കൽ, മരിയാപുരം | 10.09.2021/ | 10/2021-06/2022 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ് | 14400 |
| 6 | ത്രേസ്യാമ്മ ജോസഫ്, അതിർത്തിമുക്കിൽ, മരിയാപുരം | 11.10.2021/ 21.10.2021 | 11/2021-06/2022 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ് | 12800 |
| 7 | മേരി മാനുവൽ വെള്ളേപ്പറമ്പിൽ നാരകക്കാനം | 18.10.2021/ 14.12.2021 | 11/2021-06/2022 | ആക്ടീവ് | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 12800 |
| 8 | അഗസ്തി ദേവസ്യ തെക്കേൽ വിമലഗിരി | 10.11.2021/ 14.12.2021 | 11/2021-06/2022 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ മരിയാപുരം ഗ്രാമപഞ്ചായത്ത് | 12800 |
| 9 | ബാലൻ എർത്തേടത്ത് മരിയാപുരം | 01.12.2021/ | 01/2022-11/2022 | ആക്ടീവ് | കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ് | 17600 |
| 10 | ജോർജ്ജ് ജോസഫ് ചിറക്കത്തൊട്ടിയിൽ | 27.11.2021/ 13.01.2022 | 12/2021-06/2022 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ - മരിയാപുരം ഗ്രാമപഞ്ചായത്ത് | 11200 |

| | | | | | | |
|---|---|---|---|---|---|---|
| | മരിയാപുരം | | | | | |
| 11 | ഷേർലി ജോയ് പുൽപാറയിൽ ഡബിൽ കട്ടിംഗ് | 02.01.2022/ 11.01.2022 | 06/2022-11/2022 | ആക്റ്റീവ് | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 9600 |
| 12 | ജോസഫ് അവിര, എഴുപാറയിൽ, വിമലഗിരി | 14.01.2022/ 03.02.2022 | 02/2022-11/2022 | ആക്റ്റീവ് | കർഷക തൊഴിലാളി പെൻഷൻ ക്ഷേമനിധി ബോർഡ് | 16000 |
| | | | | | ആകെ | 163200 |

പല ഗുണഭോക്താക്കളുടെയും മരണം രജിസ്റ്റർ ചെയ്ത് കഴിഞ്ഞതിന് മാസങ്ങൾക്ക് ശേഷമാണ് പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. 2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിൽ പങ്കെടുക്കുകയും പിന്നീട് മരണപ്പെട്ടതുമായ ഗുണഭോക്താക്കൾക്ക് നിലവിൽ അവസാനം അനുവദിച്ച ഏപ്രിൽ 2022 വരെയുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കാത്തതിനാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ എന്നിവ മുഖേന പെൻഷൻ തുടർന്നും അനുവദിക്കുന്നുണ്ട്. മുകളിൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ മരണം മരിയാപുരം ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്.

23.09.2020-ലെ സ.ഉ(സാധാ)97/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷന് അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം തിരികെ ഈടാക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

ക്ഷേമ പെൻഷനുകൾ അനർഹർക്ക് നൽകുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/23.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ ക്ഷേമനിധി ബോർഡുകളെയും പെൻഷൻ വിതരണം ചെയ്യുന്ന മറ്റ് തദ്ദേശ സ്ഥാപനങ്ങളെയും ബാങ്കുകളെയും അറിയിച്ചെങ്കിൽ മാത്രമേ ബോർഡുകൾക്കും ബാങ്കുകൾക്കും പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും അനർഹരായവരെ ഒഴിവാക്കുന്നതിനു സാധിക്കൂ.

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ ₹1,63,200/- ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന.,/തീയതി. 17.08.2017-ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പദ്ധതികൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | തൻവർഷ ചെലവ് ₹ | നീക്കിയിരിപ്പ് ₹ | അഭിപ്രായ ക്കുറിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | 52/22<br>ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും | 100000 | 0 | - |
| | | 483500 | 104/22<br>ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 483500 | 0 | - |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ നൽകുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴി ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. ലിമിറ്റഡ് | 87/22<br>ചെള്ളയ്ക്കം കുടിവെള്ള പദ്ധതി വൈദ്യുതീകരണം | ബിൽ നമ്പർ 21101252013100818528 തീയതി: 21.12.2021 | 45389 | 0 | 45389 |
| | 166/22<br>ഉദിക്കാട് കുടിവെള്ള പദ്ധതി ഇലക്ട്രിഫിക്കേഷൻ | വൗച്ചർ നമ്പർ 22100948 തീ : 25.03.2022 തുക ₹260221/- വൗച്ചർ നമ്പർ 22101005 തീ. 31.03.2022 തുക ₹37293/- | 297514 | 0 | 297514 |
| - ടി - | 67/22<br>പ്രിയദർശിനി കുടിവെള്ള പദ്ധതി വൈദ്യുതീകരണം | വൗച്ചർ നമ്പർ 54/ തീ. 07.12.2021 | 13385 | 0 | 13385 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

4-5 വായ്പ-വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച ലോൺ തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സഉ.(സാധാ) നം.688/2019/ തസ്വഭവ. തീ. 22.03.2019 | 12960000 | 10897333 | 0 | 909333 | 0 | 9988000 |

ലോൺ രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവുകളാണ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

4-6 സ്ഥിര നിക്ഷേപം

– ഇല്ല –

4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ലഭിച്ച ₹544/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 1999-2000 | 26(1) | 80 | ശ്രീമതി ജോളി ജോയ്<br>മുൻ വൈസ് പ്രസിഡന്റ് | 1210200198/31.12.2021 |
| | | 80 | ശ്രീ. എം. റ്റി. തോമസ്<br>മുൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 1210200199/31.12.2021 |
| | | 64 | ശ്രീമതി ലീലാമ്മ തോമസ്<br>മുൻ മെമ്പർ | 1210200200/31.12.2021 |
| | | 64 | ശ്രീമതി ഷേർലി സജീവ്<br>മുൻ മെമ്പർ | 1210200201/31.12.2021 |
| | | 96 | ശ്രീ. മോഹനൻ നാരായണൻ<br>മുൻ മെമ്പർ | 1210200282/07.01.2022 |
| | | 160 | ശ്രീ. അഗസ്റ്റ്യൻ ജോൺ<br>മുൻ മെമ്പർ | 1210200202/31.12.2021 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 3-40 | 2001-02 | V.6.1 | ക്ഷീരവികസന ബോധവൽക്കരണം –<br>തുക ദുർവിനിയോഗം ചെയ്തു |
| 2003-04 | 3-3 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ ഫയലുകൾ,<br>കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല |
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല |
| 2008-09 | 3-3 | 2011-12 | 2-4 | വെർമി കമ്പോസ്റ്റ് – ഗുണഭോക്തൃ ലിസ്റ്റിൽ<br>ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം ₹2,000/- |
| 2009-10 | 3-7 | 2011-12 | 2-4 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം ₹18,400/- |

4-9 ചാർജ്/സർചാർജ്

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| | ചാർജ് | | | കോടതി | |
|---|---|---|---|---|---|

| | | | | സർട്ടിഫിക്കറ്റ് | | | | വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 20(1), (2), 23 | കെ. കുട്ടപ്പൻ | LF.16858/SC2/ 02/27.03.03 | 842 | 200 | ഇല്ല | ഇല്ല | ഇല്ല | 200 | 642 | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 33 | സി.ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/ 8.1.02 | 4399/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4399/- | - |
| 2 | 1997-98 | 36(1) | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/8.1.02 | 5001/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5001/- | - |
| 3 | 1997-98 | 36(2) | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/8.1.02 | 24000/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 24000/- | - |
| 4 | 1997-98 | 36(3) | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/8.1.02 | 297051 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 297051 | - |
| 5 | 1998-99 | 29, 39, 35, 41, 42 | കെ. കുട്ടപ്പൻ, സെക്രട്ടറി | LF.16858/ SC2/02/ 27.3.03 | 108664 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 108664 | - |
| 6 | 1998-99 | 48(1), (2),(3), (4) | ജി. സന്തോഷ് കുമാർ, കൃഷി ഓഫീസർ | LF.16858/ Spl.Cell/ SC2/2002 Dtd.19.05.2003 | 34492 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 34492 | - |
| 7 | 1999-2000 | 26(1, 2) 31, 32 | കെ. കുട്ടപ്പൻ, സെക്രട്ടറി | LF.19012/SC2/02/ Dt. 2.6.03 | 55947 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 55947 | - |
| 8 | 2000-01 | 30 | കെ. കുട്ടപ്പൻ, സെക്രട്ടറി | LF.15406/ Sp.cell (SC.2)/2004 Dtd.20-04-05 | 940 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 940 | - |
| 9 | 2003-4 | 3-5 | കെ. എസ്. രാജീവ്, സെക്രട്ടറി | LF.14741/ Sp.Cell (SC.2)/2007 Dtd.19.10.09 | 23633 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 23633 | - |
| 10 | 2003-04 | 3.6 | പുഷ്പവല്ലി എ. ജി., | LF-14741/Spl. Cell/SC2/07 | 12990 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 12990 | - |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | കൃഷി ഓഫീസർ | Dt.31.3.2009 | | | | | | | | |
| 11 | 2008-09 | 3.6 | ശ്രീമതി സുജ ജേക്കബ്, ICDS സൂപ്പർവൈസർ | LF.22680/Spl. Cell/ CSC/C1/ 2012/23.5.14/ 20.8.14 | 9106 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9106 | - |
| 12 | 2010-11 & 2011-12 | 3.3 | ശ്രീമതി ലൈലാ തോമസ്, കൃഷി ഓഫീസർ | LF-17690/Spl. Cell/CSC/ C1/14(1)/ Dt. 8.9.17 | 19000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 19000 | - |
| 13 | 2010-11 & 2011-12 | 3-5 | ജോസഫ് മാത്യു, സെക്രട്ടറി | LF-17690/Spl. Cell/CSC/ C1/14/ Dt. 14.7.17 | 10050 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10050 | - |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹8590733.00 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹47109589.00 |
| ആകെ | ₹55700322.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹47297773.00 |
| നീക്കിയിരിപ്പ് | ₹8402549.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹486288.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | - ഇല്ല - | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 130000 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-18 | 356288 | ശ്രീ. എസ്. പി. വിനുകുമാർ, സെക്രട്ടറി |
| ആകെ | 486288 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | സർക്കാർ |
|---|---|---|
| - ഇല്ല - | | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എസ്. പി. വിനുകുമാർ<br>സെക്രട്ടറി | സെക്രട്ടറി<br>അറക്കുളം ഗ്രാമപഞ്ചായത്ത് | കരിച്ചിനാത്ത് വീട്<br>മിതിർമല പി. ഒ.<br>തിരുവനന്തപുരം<br>പിൻ - 695 610 |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് (ഖണ്ഡിക നം.) |
|---|---|---|---|
| 1976-77 | എൽ.എഫ്.ഐ.-5/1998/ 04.05.1998 | | |
| 1977-78 | എൽ.എഫ്.ഐ.-5/1025/82/20.01.1998 | | |
| 1980-81 | എൽ.എഫ്.ഐ-5/191/98/ 04.05.1998 | | |
| 1981-82 | എൽ.എഫ്.ഐ.-5/874/86/12.11.1987 | | |
| 1982-83 | എൽ.എഫ്.ഐ.-5/100/91/ 12.12.1991 | | |
| 1983-84 | എൽ.എഫ്.ഐ.-5/100/91(2)/ 27.12.1991 | | |
| 1984-85 | എൽ.എഫ്.ഐ.-5/100/91(3)/ 27.12.1991 | | |
| 1985-86 | എൽ.എഫ്.ഐ.-5/100/91(4)/ 27.12.1991 | | |
| 1986-87 | എൽ.എഫ്.ഐ.-5/223/91/ 12.10.1992 | | |
| 1987-88 | എൽ.എഫ്.ഐ.-5/391/93/ 22.05.1995 | | |
| 1988-89 & 1989-90 | എൽ.എഫ്.ഐ.-5/69/93/ 22.06.1993 | | |
| 1990-91 & 1991-92 | എൽ.എഫ്.ഐ.-5/5/94/ 18.04.1994 | | |
| 1992-93 & 1993-94 | എൽ.എഫ്.ഐ.-5/520/95/25.03.1996 | | |
| 1994-95 | എൽ.എഫ്.ഐ.-5/283/96/08.08.1996 | | |
| 1997-98 | കെ.എസ്.എ-ഐ.ഡി.കെ.-13/782/2018 തീ. 04.06.2018 | 3 | 33, 36(1), 36-2(ബി), 36(3) |
| 1998-99 | കെ.എസ്.എ-ഐ.ഡി.കെ.-13/782/2018 തീ. 04.06.2018 | 5 | 23, 35, 39, 41. 48(1,2,3,4) |
| 1999-2000 2000-01 | കെ.എസ്.എ-ഐ.ഡി.കെ.-13/782/2018 തീ. 04.06.2018 | 5 | 26(1),26(2), 31, 32, 41 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ.-13/782/2018 തീ. 04.06.2018 | 1 | 30 |
| 2003-04 | കെ.എസ്.എ-ഐ.ഡി.കെ.-13/782/2018 തീ. 04.06.2018 | 3 | 3-3, 3-5, 3-6 |
| 2004-05 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 1 | 2-6 |
| 2008-09 | കെ.എസ്.എ-ഐ.ഡി.കെ.-പി5/1284/ (2008-09) അദാലത്ത്/2022 തീ. 05.09.2022 | 3 | 3-3, 3-6, 3-7 |
| 2009-10 | കെ.എസ്.എ-ഐ.ഡി.കെ.-പി5/1284/ (2009-10) അദാലത്ത്/2022 തീ. 05.09.2022 | 2 | 3-6, 3-7(1,2,3) |
| 2010-11 & 2011-12 | കെ.എസ്.എ-ഐ.ഡി.കെ.-പി5/1284/ (2010-11 & 2011-12) അദാലത്ത്/2022 തീ. 05.09.2022 | 4 | 3-3, 3-5, 3-8, 3-9 |
| 2012-13 & 2013-14 | കെ.എസ്.എ-ഐ.ഡി.കെ.-പി5/1284/ (2011-12 & 2013-14) അദാലത്ത്/2022 തീ. 05.09.2022 | 2 | 2-2, 3-3 |
| 2019-20 | നം. കെ.എസ്.എ.-ഐ.ഡി.കെ-11/373/2021 തീ : 09/05/2021 | 29 | 1-3, 1-5, 1-6-2, 1-6-6, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16 |
| 2020-21 | നം. കെ.എസ്.എ.-ഐ.ഡി.കെ-11/903/ 2022/തീ : 29/07/2022 | 21 | 1-1 മുതൽ 1-21 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്